## ജന്മഭൂമി

ഭാരതം, ഭാരതം, ഭാരതം,
ഭാരതമാണെന്റെ ജന്മഭൂമി,
സ്നേഹവും, മൈത്രിയും, കൈകോർത്തു നിന്നൊരു-
ഏകാംബക്ഷേത്രമായിരുന്നെന്റെ നാട്.

രാപകൽ പണിചെയ്യും കർഷകരും,
മാളികമുകളേറും മന്നന്മാരും,
ഭിക്ഷ തെണ്ടുന്ന കുചേലന്മാരും,
പരസ്പരസൗഹാർദ്ദം പോറ്റിയവർ.

ഭാവശുദ്ധിക്കു പെരുമകേട്ടു-
ഭാരത സ്ത്രീകൾതൻ പാതിവൃത്യം,
ഹോമിച്ചു പോയവൾ നാടിനും, വീടിനും-
തൻ സ്വന്തജീവിതം കാഴ്ചവെച്ചൂ.

മുലയൂട്ടും അമ്മമാർ ജയിൽവാസം വരിച്ചവർ,
തൻ പിഞ്ചുമക്കളെ തൃണവൽഗണിച്ചവർ,
ലക്ഷ്യത്തിലെത്തുവാൻ താണ്ടീ ദുർഘടം,
സത്യത്തെ മുൻനിർത്തി മുന്നേറി മുന്നോട്ട്.

നല്ലൊരു നാളെക്കായ് സ്വാർത്ഥത കൈവിട്ടൂ,
നല്ല മനുഷ്യരായ് ഒത്തുനിന്നൂ;
കൈകോർത്തടിവെച്ചൂ നെഞ്ചും വിരിച്ചവർ,
നിന്നൂ നിറതോക്കിൻ മുന്നിലായി.

കുടുംബവും, മക്കളും, ഓർക്കാതെ പടവെട്ടി,
നാടിന്റെ നന്മയ്ക്കായ് രക്തം ചിന്തി,
സ്വാതന്ത്ര്യ പ്രാപ്തിക്കായ് ജീവൻ കൊടുത്തവർ,
ആ രണഭൂമിയിൽ മരിച്ചുവീണു.



ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യനും അന്നില്ല,
സ്വന്തസഹോദരർ മാനവരെല്ലാരും,
പങ്കിട്ടെടുത്തവർ സ്നേഹവും, ദുഃഖവും,
തങ്ങൾതൻ സമ്പത്തും മാലോകർക്കായ് മാത്രം.

സ്വാതന്ത്ര്യംകിട്ടിയ മക്കളൊ മറന്നുപോയ്,
തന്നെയും, ഇഹത്തെയും, പൂർവ്വപിതാക്കളേം;
തട്ടിയുടക്കുന്നൂ, തല്ലിതകർക്കുന്നൂ,
കെട്ടിയുയർത്തിയ തത്വമീമാംസകൾ.

കത്തിയെരിക്കുന്നൂ, സത്യവും, അഹിംസയും,
കൊത്തിയരിഞ്ഞെറിഞ്ഞാശിലാഫലകവും,
കണ്ടറിഞ്ഞില്ലവർ തൻ സ്വന്തരക്തത്തെ;
തന്നെമാത്രം കാൺമൂ അന്ധമാം കണ്ണുകൾ.

പൊട്ടിച്ചെറിഞ്ഞൊരാ ചങ്ങലക്കണ്ണികൾ,
കൂട്ടിയിണക്കുവാൻ കഴിയേണം ജനതയ്ക്ക്;
നിസ്വാർത്ഥ സ്നേഹമാണതിനുള്ള പരിഹാരം,
മാനുഷരെല്ലാരും ഐക്യമായ് വർത്തിക്ക.

ഒരു ജാതിമാത്രം ഇഹത്തിൽ മനുഷ്യന്,
അതൊന്നു താൻ മാനവൻ എന്നു നിനയ്ക്കുക,
ഒരു ശക്തി മാത്രം ഉലകത്തിനധിപനായ്,
അതൊന്നുതാൻ ഈശ്വരൻ എന്നു ഗ്രഹിക്കുക.